>> പ്രതികരണം

●കെ.കെ. ഹമീദ് മനക്കൊടി

# ലഹരി ബാധിച്ച സമുദായം

### രംഗം ഒന്ന്

**തൃശൂർ** ട്രാൻസ്പോർട്ട് ബസ്സ്റ്റാന്റിനു മുൻ വശത്തെ ഹോട്ടൽ വരാന്ത. സമയം രാത്രി എട്ടുമണി. എറണാകുളത്തുനിന്ന് വരുന്ന സുഹൃത്തിനെ പ്രതീക്ഷിച്ചു നിൽക്കുകയായിരുന്നു. ഹോട്ടലിലെ ക്യാഷ് കൗണ്ടറിൽ നിന്ന് ബഹളം കേട്ട് തിരിഞ്ഞുനോക്കി. ആറടി ഉയരവും അതിനൊത്ത വണ്ണവുമുള്ള വെളുത്ത് സുന്ദരനായ ഒരു ചെറുപ്പക്കാരൻ കാഷ്യറോട് തർക്കിക്കുന്നു. ചായയുടെ പൈസ കൊടുക്കില്ലെന്നും ഹോട്ടൽ ഒരു കാലത്ത് തന്റെ കുടുംബ സ്വത്തായിരുന്നെന്നും അയാൾ പറഞ്ഞുകൊണ്ടിരുന്നു. മദ്യപിച്ചു ലക്കുകെട്ട ആയാളുടെ കാലുകൾ നിലത്തുറച്ചിരുന്നില്ല. അയാൾ മുഷ്ടി ചുരുട്ടി മേശയിൽ ഇടിക്കുകയും ഹോട്ടൽ ജീവനക്കാരെ അസഭ്യം പറയുകയും ചെയ്തു. ബഹളം ശമിച്ചപ്പോൾ ഹോട്ടൽ ജോലിക്കാരോട് അന്വേഷിച്ചു. ഒരു പ്രമുഖ മുസ്‌ലിം കുടുംബത്തിലെ അംഗമാണത്രെ അയാൾ. മദ്യത്തിന് പൂർണമായി അടിപ്പെട്ടുപോയി. മദ്യം വാങ്ങാനുള്ള പണത്തിനു വേണ്ടി ഇപ്പോൾ ഗുണ്ടാപ്പണിയുമായി നടക്കുകയാണ്.

### രംഗം രണ്ട്

തൃശ്ശൂർ സകാത്ത് കമ്മിറ്റി റമദാനിൽ പിരിച്ചെടുത്ത സംഖ്യ വിതരണം ചെയ്യാൻ ഒരു പുതിയ പ്രദേശം കണ്ടുപിടിച്ച് സ്ക്വാഡ് പ്രവർത്തനം നടത്തുന്നു. അമുസ്‌ലിംകൾ കൂടുതലുള്ള ആ പ്രദേശത്ത് ഇരുപതോളം മുസ്‌ലിം വീടുകളും ഒരു നമസ്കാരപള്ളിയും അവിടെ ഇമാമും മദ്റസാ അധ്യാപകനുമായി ഒരാളും ഉണ്ട്. ബാങ്കും ഇഖാമത്തും ജമാഅത്തും അദ്ദേഹം തന്നെ നടത്തുന്നു. ശനിയും ഞായറും കുറച്ച് കുട്ടികൾ മദ്റസയിലേക്ക് വരും. പള്ളിയിൽ അധികമാരും വരാറില്ല. പകൽ ജോലിത്തിരക്ക്. രാത്രി മിക്കവരും ലഹരിയുടെ പിടിയിൽ. മുസ്‌ലിയാർക്ക് നാട്ടുകാരെ പറ്റിയോ നാട്ടുകാർക്ക് മുസ്‌ലിയാരെ പറ്റിയോ ഒരു പരാതിയുമില്ല.

സകാത്തിന്റെ റേഷൻ സ്കീമിൽ ഉൾപ്പെടുത്തിയ വീടുകളിൽ ഒന്ന് വളരെ ദാരിദ്ര്യത്തിലായിരുന്നു. ഉമ്മയും മകനും മാത്രം താമസിക്കുന്ന ഇടിഞ്ഞുവീഴാറായ വീട്. മകന്റെ ഭാര്യയും രണ്ടു കുട്ടികളും തെറ്റിപ്പിരിഞ്ഞ് അവരുടെ വീട്ടിലാണ്. മുതിർന്ന മകളെ മുഴുകുടിയനായ ബാപ്പയുടെ കൂടെ നിർത്താൻ കഴിയില്ലെന്ന് നാട്ടുകാർ പറഞ്ഞറിഞ്ഞു. മദ്യവും മയക്കുമരുന്നും രാവും പകലും ഉപയോഗിക്കുന്ന അയാൾക്ക് ഭാര്യയും മകളും ഉമ്മയും തുല്യമാണെന്ന് കൂടി നാട്ടുകാർ വിശദീകരിച്ചപ്പോൾ ഞങ്ങൾ തരിച്ചുനിന്നു.

### രംഗം മൂന്ന്

പ്രശസ്ത മുസ്‌ലിം കുടുംബത്തിലെ വിവാഹത്തലേന്ന് രാത്രി. അതിഥികൾ സമ്മാനപ്പൊതികളുമായി ഇടമുറിയാതെ വന്നുകൊണ്ടിരുന്നു. ഗൃഹനാഥൻ അതിഥികളെ രണ്ടായി തരംതിരിച്ച് ചെറുപ്പക്കാരെ മുകളിലത്തെ നിലയിലേക്കും അല്ലാത്തവരെ പന്തലിലുമായി സൽക്കരിച്ചിരുത്തുന്നു. സൽക്കാരത്തിലെ ഈ വേർതിരിവിനെക്കുറിച്ച് ഒരു കാരണവർ ആരാഞ്ഞപ്പോൾ, തലേക്കെട്ടും നമസ്കാരത്തഴമ്പുമുള്ള ഗൃഹനാഥൻ പറഞ്ഞു: 'അവിടെ(മുകൾഭാഗത്ത്) ഇന്നത്തെ ചെറുപ്പക്കാരുടെ ചില തമാശകൾ നടക്കുകയാണ്. അവർക്ക് ഇന്നത്തെ കാലത്ത് കല്യാണത്തിന് വന്നാൽ ഇത്തിരി മിനുങ്ങാതെ പറ്റില്ലല്ലോ!'

*** *** ***

ലഹരി ബാധിച്ച ഉമ്മത്തിന്റെ അപകടകരമായ പോക്കിന്റെ ലജ്ജിപ്പിക്കുന്ന ചില ചിത്രങ്ങളാണിത്. അതിനെക്കാൾ നാണംകെട്ട പലതുമുണ്ടാവും ഓരോരുത്തരുടേയും അറിവിൽ. മദ്യപിച്ചു ലക്കുകെട്ട മുസ്‌ലിം രാഷ്ട്രീയ നേതാവ് പള്ളിയിൽ ജമാഅത്ത് നടക്കുമ്പോൾ ഉടുതുണിപൊക്കി പള്ളി മതിലിലേക്ക് മൂത്രമൊഴിക്കുന്നതും, കേരളത്തിലങ്ങോളമിങ്ങോളം ദർസു നടത്തി പ്രശസ്തനായ പണ്ഡിതന്റെ മകൻ മൂക്കറ്റം കുടിച്ച് ബോധം കെട്ട് ഉടുതുണിയില്ലാതെ വഴിയരികിൽ മലർന്നു കിടന്നതും, പ്രവാചക സ്നേഹത്താൽ മൗലീദ് നടത്തി സദ്യക്കു ശേഷം ചെറുപ്പക്കാർക്ക് ഓരോ പെഗ്ഗ് വിളമ്പിയതും, അഞ്ചു നേരം നമസ്കരിക്കുന്ന മനുഷ്യൻ സ്വന്തം വീടിന്റെ വാർപ്പുദിനത്തിൽ തൊഴിലാളികൾക്ക് യഥേഷ്ടം മദ്യം വിളമ്പിക്കൊടുത്തതും, വാപ്പ മരിച്ചതിന്റെ ആണ്ടു ദിനം മദ്യം കൊണ്ടാഘോഷിച്ചതും, ഉമ്മയും ഉമ്മൂമയും പേരക്കുട്ടിയുടെ ബർത്ത്ഡേക്ക് അൽപം മിനുങ്ങിയതിന്റെയുമൊക്കെ നിരവധി കഥകൾ.

ചിന്തിക്കാവുന്നതിനപ്പുറമാണ് ഇന്ന് മുസ്‌ലിം സമുദായത്തിൽ മദ്യപാനശീലത്തിന്റെ വളർച്ച. മദ്യത്തിന്റെ കാര്യത്തിൽ സമുദായം കാത്തു സൂക്ഷിച്ചിരുന്ന എല്ലാ അതിർവരമ്പുകളും തകർന്നടിഞ്ഞുകൊണ്ടിരിക്കുന്നു.

വിശുദ്ധഖുർആന്റെ വക്താക്കളായ മുസ്‌ലിംസമൂഹത്തിന്റെ ദൗത്യം പൊതുസമൂഹത്തിലെ മദ്യപാനവും മറ്റു കുറ്റകൃത്യങ്ങളും തടഞ്ഞ് സമൂഹത്തിന്റെ ധാർമികത ശക്തിപ്പെടുത്തുക എന്നതാണ്. 'നിങ്ങൾ സമൂഹത്തിൽ നന്മ സ്ഥാപിക്കുക, തിന്മക്കെതിരെ നിലകൊള്ളുക' എന്നും 'ആ ദൗത്യ നിർവഹണത്തിനു വേണ്ടി നിങ്ങളെ തെരഞ്ഞെടുത്തിരിക്കുന്നു' എന്നും ഖുർആൻ വ്യക്തമായി പറയുന്നുണ്ട്. വിശുദ്ധഖുർആനെ പരസ്യമായി അവഹേളിക്കുന്ന രീതിയിൽ, ചങ്ങലക്ക് ഭ്രാന്തുപിടിച്ചതുപോലെയാണ് സമുദായത്തിന്റെ പോക്ക്. മുമ്പ് എന്തൊക്കെ കുറവുകളുണ്ടായിരുന്നെങ്കിലും മദ്യം, പലിശ തുടങ്ങിയ മാരക തിന്മകളിൽനിന്ന് മുസ്‌ലിം സമുദായം വിട്ടുനിന്നിരുന്നു. മദ്യത്തിന്റെ ഒഴിഞ്ഞ കുപ്പിപോലും കൈകൊണ്ട് തൊടുകയോ വീട്ടിൽ കയറ്റുകയോ ചെയ്തിരുന്നില്ല. മദ്യപൻമാരുമായി സഹവസിച്ചിരുന്നില്ല. മദ്യം കഴിച്ചു വരുന്നവരെ വീടിന്റെ പടി ചവിട്ടാൻ പോലും അനുവദിച്ചിരുന്നില്ല. അത്തരം നിലപാടുകൾ പാടേ മാറിയിരിക്കുന്നു. ഇന്ന് പല വീടുകളിലെയും ഫ്രിഡ്ജുകളിൽ കുടിവെള്ളം സൂക്ഷിക്കുന്നത് മദ്യക്കുപ്പികളിലാണ്. നഴ്സറികുട്ടികൾ പോലും മദ്യത്തിന്റെ വിവിധ ബ്രാന്റ് നെയിമുകൾ വിളിച്ചു പറയുന്നു.

മദ്യം കഴിക്കുന്നതും കഴിപ്പിക്കുന്നതും വാങ്ങുന്നതും വിൽക്കുന്നതും സൂക്ഷിക്കുന്നതും നിഷിദ്ധമാക്കിയ പ്രവാചകന്റെ അനുയായികൾക്ക് മദ്യത്തിന്റെയും മറ്റു കുറ്റകൃത്യങ്ങളുടെയും കാര്യത്തിൽ ദിശാബോധം നഷ്ടമായി എന്നല്ലേ ഇതെല്ലാം കാണിക്കുന്നത്?

### പെരുകുന്ന കുറ്റകൃത്യങ്ങൾ

മദ്യത്തിലെന്നപോലെ കുറ്റകൃത്യങ്ങളിലും കേരളം ഒന്നാം സ്ഥാനത്തെത്തിയെന്ന വാർത്തയിൽ ഒട്ടും പുതു

മയില്ല. മദ്യമുള്ളിടത്ത് കുറ്റകൃത്യങ്ങളും വർധിക്കും. പ്രവാചകൻ പറഞ്ഞു: 'എല്ലാ കുറ്റകൃത്യങ്ങളുടെയും മാതാവാണ് മദ്യം.' വർധിച്ചു വരുന്ന കുറ്റകൃത്യങ്ങളുടെ ഉറവിടം മദ്യമാണെന്ന് സർക്കാറിനും അറിയാം. ധാർമികമൂല്യങ്ങൾ മദ്യത്തിൽ മുങ്ങിത്തകരുമ്പോൾ നാടിനോടും ജനങ്ങളോടും പ്രതിബദ്ധതയുണ്ടാവേണ്ട സർക്കാർ മൂല്യത്തകർച്ചയുടെ വിസ്മയ കാഴ്ചകൾ കണ്ടാസ്വദിക്കുകയാണ്. ഈയിടെ തൃശ്ശൂർ ജില്ലാകലക്ടർ ഒരു പ്രസംഗത്തിൽ പറഞ്ഞു: 'കേരളത്തിൽ കൊലപാതകങ്ങളും ആത്മഹത്യകളും വർധിച്ചുകൊണ്ടിരിക്കുകയാണ്. മൂന്നു കാരണങ്ങളാണ് അതിന് പ്രേരകം. മാനസിക അസ്വസ്ഥതകൾ, കുടുംബ കലഹങ്ങൾ, മദ്യപാനം. എന്നാൽ ആദ്യ രണ്ടെണ്ണത്തിനും പ്രേരകം മദ്യം തന്നെ.' എന്നിട്ടും മദ്യത്തിനെതിരെ അടിയന്തിര കർമപരിപാടികൾ ആവിഷ്കരിക്കേണ്ടതിനു പകരം അബ്കാരികൾക്ക് പുതിയ ഷാപ്പുകൾ യഥേഷ്ടം അനുവദിക്കുകയാണ് സർക്കാർ.

മദ്യം വിഷമാണെന്നും മദ്യപാനം രോഗമാണെന്നും ആ രോഗത്തിന് തക്കതായ ചികിത്സ വേണ്ടതുണ്ടെന്നും അറിയാമായിരുന്നിട്ടും രോഗത്തെക്കുറിച്ച് പ്രസംഗങ്ങളും പ്രസ്താവനകളും വർഷം തോറും പുറത്തുവരുന്ന അർഥമില്ലാത്ത ശതമാനക്കണക്കുകളും മാത്രമേ ബാക്കിയുള്ളൂ. ചികിത്സയുടെ കാര്യത്തിൽ ഒരടി പോലും മുന്നോട്ടു പോയിട്ടില്ല. സർക്കാറാവട്ടെ ബാറുകൾക്കുമുന്നിൽ 'മദ്യം വിഷമാണ്' എന്നൊരു ബോർഡ് സ്ഥാപിച്ച് മതിയാക്കുകയും ചെയ്യുന്നു.

1998 മുതൽ ഏഴു വർഷം ഈ കുറിപ്പുകാരൻ വിയ്യൂർ സെൻട്രൽ ജയിലിലെ പള്ളിയിൽ ഖുത്വ്ബ നടത്തിയിരുന്നു. 98-ൽ ജയിലിലെ ഏകദേശം 350 തടവുകാരിൽ അമ്പതോളം മുസ്‌ലിം തടവുകാരുണ്ടായിരുന്നു. അവരിൽ ഇരുപത്തഞ്ചോളം പേർ ജുമുഅയിൽ പങ്കെടുത്തിരുന്നു. ബാക്കിയുള്ളവരിൽ അധികവും ജുമുഅക്ക് പോയ ശീലമോ അതു സംബന്ധിച്ച അറിവോ ഇല്ലാത്തവരും, ചിലർ മലയാള ഖുത്വ്ബാ വിരോധികളുമായിരുന്നു. 2006 അവസാനത്തോടെ ജയിലിലെ മൊത്തം പ്രതികൾ ഉദ്ദേശം 425-ഉം അതിലെ മുസ്‌ലിം 'സംവരണം' 225-ഉം ആയി ഉയർന്നു. ഇവരിൽ 90 ശതമാനവും മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും പിടിയിൽപെട്ട് കുറ്റവാളികളായതായിരുന്നു. ഇസ്‌ലാം മദ്യത്തിനും മയക്കുമരുന്നിനും ഏർപ്പെടുത്തിയ വിലക്കുകൾ അറിയാത്തവരായിരുന്നില്ല അവർ. മലയാള ഖുത്വ്ബക്ക് പോകരുതെന്ന വിലക്ക് അറിയുന്നവരും അത് അക്ഷരം പ്രതി അനുസരിക്കുന്ന പാരമ്പര്യ വിശ്വാസികളിൽ പെട്ടവരുമായിരുന്നു അവരിലധികവും.

ഇവിടെ പിഴച്ചതാർക്കാണ്? ഇസ്‌ലാമിന്റെ തനതായ സംസ്കാരം ചവിട്ടിമെതിച്ച് അതിന്റെ മേൽ കയറി അട്ടഹസിക്കുന്നതാരാണ്? ആരാണ് യഥാർഥ കുറ്റവാളികൾ? സാംസ്കാരിക അധിനിവേശത്തെയും പുത്തൻ മുതലാളിത്ത സംസ്കാരത്തെയും പഴിപറഞ്ഞ് ഒഴിഞ്ഞുനിൽക്കാൻ മുസ്‌ലിം സമൂഹത്തിന് കഴിയുമോ? ഇത് കാലഘട്ടത്തിന്റെ ട്രെന്റാണെന്നും നമുക്കിതിൽ പങ്കില്ലെന്നും പറഞ്ഞ് സമാധാനിക്കാൻ കഴിയുമോ?

മദ്യപാനം ഒരു സാമൂഹിക ദുരന്തമാണ്. അതിന്റെ കെടുതികളാണ് കേരളം അനുഭവിക്കുന്നത്. സ്ത്രീകളെയും കുട്ടികളെയുമാണ് അത് സാരമായി ബാധിക്കുക. ഒരു പാട് കുടുംബങ്ങൾ അത് തകർത്തു. മദ്യപന്മാരുടെ വീടുകളിൽ സത്രീകളും കുട്ടികളും അനുഭവിക്കുന്ന ദുരിതങ്ങളുടെ യഥാർഥ ചിത്രം ഇനിയും പുറം ലോകം അറിഞ്ഞിട്ടില്ല. മദ്യപന്മാരുടെ കുടിലുകളിൽ കണ്ണീരുണങ്ങിയ നേരമില്ല. ഐഡിയൽ റിലീഫ് വിംഗ് മാള ഐ.എസ്.ടിയിൽ നടത്തിയ ഒരുമാസക്കാലത്തെ ഡി-അഡിക്ഷൻ ക്യാമ്പിൽ പങ്കെടുത്ത മുഴുക്കുടിയനായ ഒരു മുസ്‌ലിം സുഹൃത്ത് പറഞ്ഞു: 'മദ്യപിച്ചിരുന്ന ഞാൻ ഒരു കാരണവുമില്ലാതെ എന്റെ ഭാര്യയേയും മക്കളേയും അടിക്കാത്ത ഒറ്റ ദിവസം ഉണ്ടായിട്ടില്ല. ഇപ്പോൾ കുറ്റബോധം കൊണ്ട് അവരുടെ മുഖത്തു നോക്കാൻ പോലും കഴിയുന്നില്ല.' ക്യാമ്പിലെ കൗൺസിലർമാരുടെ മുമ്പിൽ മദ്യപന്മാരുടെ കുടുംബങ്ങൾ കണ്ണീരോടെ പറഞ്ഞ കഥകൾ ആരെയും ഞെട്ടിപ്പിക്കാൻ പോന്നതാണ്.

## പണ്ഡിതൻമാരുടെ മൗനം

മദ്യപാന ശീലം ആളിപ്പടരുമ്പോഴും മതപണ്ഡിതന്മാർ സുഖസുഷുപ്തിയിലാണ്ടു കിടക്കുകയാണ്. ഇതര സമുദായങ്ങളിലെ മതപുരോഹിതന്മാരും സമുദായ നേതാക്കളും മദ്യത്തിന്റെ ദൂരവ്യാപക പ്രത്യാഘാതങ്ങൾ കണ്ടറിഞ്ഞ് മദ്യവിരുദ്ധ സമിതികളും മറ്റു പ്രചാരണ പരിപാടികളുമായി മുന്നോട്ടു പോകുമ്പോഴും, മുസ്‌ലിം നേതാക്കളും പണ്ഡിതന്മാരും പാലിക്കുന്ന മൗനം കുറ്റകരമാണ്. മദ്യവിരുദ്ധ സമിതിയുടെ പൊതുയോഗത്തിൽ ഒരു ക്രിസ്ത്യൻ പുരോഹിതൻ പറഞ്ഞു: 'ഈ കൊല്ലമെങ്കിലും മദ്യമില്ലാ ക്രിസ്മസ് ആഘോഷിക്കണമെന്ന് ഞങ്ങൾ ആത്മാർഥമായി ആഗ്രഹിക്കുകയും അതിനു വേണ്ടി പണിയെടുക്കുകയും ചെയ്തു. എന്നാൽ മദ്യപാനത്തിന്റെ എല്ലാ റെക്കാർഡുകളും ഭേദിച്ചാണ് ഇക്കൊല്ലത്തെ ക്രിസ്മസ് ആഘോഷിച്ചത്.'

മദ്യവിരുദ്ധ സമിതി നേതാക്കൾക്കും ക്രിസ്ത്യൻ പുരോഹിതന്മാർക്കും മനസ്സിൽ തട്ടി പറയാൻ കഴിയാത്തത് ഇസ്‌ലാമിക പണ്ഡിതന്മാർക്ക് ചങ്കൂറ്റത്തോടെ ജനങ്ങളെ ബോധ്യപ്പെടുത്താൻ കഴിയുമെന്നിരിക്കെ, ആപൽക്കരമായ മൗനം വെടിഞ്ഞ് അവർ ജനമധ്യത്തിലേക്കിറങ്ങേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. വുളു മുറിയുന്നതിന്റെ കാരണങ്ങളും മറ്റുമായി പരിമിതപ്പെട്ടുകൂടാ നമ്മുടെ പണ്ഡിതന്മാരുടെ ഇന്നത്തെ ചർച്ചാ വിഷയം. അവർ സ്വന്തം പരിധിയിൽപെട്ട പ്രദേശങ്ങളിലെ മദ്യപാനത്തിന്റെയും മറ്റു അനാശാസ്യ പ്രവൃത്തികളുടെയും ഉറവിടങ്ങൾ കണ്ടെത്തി എന്തു വിലകൊടുത്തും അവ ഉന്മൂലനം ചെയ്യാൻ രംഗത്തിറങ്ങട്ടെ. മഹല്ല് നിവാസികളെ അധാർമികതയുടെ പടുകുഴിയിൽനിന്ന് രക്ഷപ്പെടുത്തണം. തന്റെ മഹല്ല് പരിധിയിലുള്ള മദ്യപരെക്കുറിച്ച് നാളെ അല്ലാഹുവിന്റെ മുന്നിൽ സമാധാനം പറയേണ്ടി വരുമെന്ന ബോധ്യത്തോടെ ജനങ്ങളെ ബോധവൽക്കരിക്കണം. അത്തരം പണ്ഡിതന്മാർക്കേ സമൂഹത്തിന്റെ അംഗീകാരവും ആദരവും ലഭിക്കൂ. മദ്യത്തിന്റെ ഉറവിടം സർക്കാറാണെങ്കിൽ അവിടം മുതൽ തുടങ്ങാം സമരം. സർക്കാറിനെ താങ്ങിനിർത്തുന്നതിൽ മദ്യത്തിന്റെ പങ്ക് വലുതാണെങ്കിൽ കൂടിയും, ഖുർആന്റെ ഭാഷയിൽ ഗുണം കുറച്ചും നാശം അധികവുമായതിനാൽ മദ്യം ഉപേക്ഷിക്കൽ അനിവാര്യമാണ്. മദ്യത്തിന്റെ കാര്യത്തിൽ സർക്കാറിന് ഫറോവയുടെ നയമാണ്. ഫറോവ മൂസായെ തേടിപോയിട്ടില്ല. മൂസാ ഫറോവയെ തേടിപ്പോവുകയായിരുന്നു. അല്ലാഹു അതാണ് കൽപിച്ചത്: 'ഓ മൂസാ നീ ഫറോവയുടെ അടുത്ത് ചെല്ലുക. കാരണം അവൻ സർവപരിധികളും ലംഘിച്ചിരിക്കുന്നു.'

സർവപരിധികളും സർക്കാർ ലംഘിക്കുന്നതായാണ് കാണുന്നത്. മാറി മാറി അധികാരത്തിൽ വരുന്ന ഇരുമുന്നണികളും മദ്യം വിളമ്പുന്നതിൽ മത്സരിച്ചുകൊണ്ടിരിക്കുകയാണ്. ആയതിനാൽ പണ്ഡിതന്മാർ ആധുനിക ഫറോവമാരെ നട്ടെല്ല് നിവർത്തി നേരിടുക. വിജയം കാണാതിരിക്കില്ല; നിശ്ചയം. ■